ഉത്തരം

(എ) ഇല്ല.

(ബി, സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

തൃത്താല—തൃശ്ശൂർ റൂട്ടിൽ ബസ് സർവ്വീസ്

1673 [2504] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല—തൃശ്ശൂർ റൂട്ടിൽ സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന കെ. എസ്. ആർ. ടി. സി. ബസ് ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്നുമുതലാണ് നിറുത്തലാക്കിയത്;

(സി) ഇത് നിർത്തലാക്കാനുള്ള കാരണമെന്ത്;

(ഡി) ഈ സർവ്വീസ് പുനരാരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ സർവ്വീസ് നടത്തുന്നുണ്ട്.

(ബി, സി, ഡി) ചോദ്യമുദിക്കുന്നില്ല.

നിറുത്തലാക്കിയ സർവ്വീസുകൾ പുനഃസ്ഥാപിക്കാൻ നടപടി

1674 [2506] ശ്രീ. ടി. വി. വിജയരാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിറുത്തലാക്കിയ ട്രാൻസ്പോർട്ട് സർവ്വീസുകൾ പുനഃസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കളക്ഷൻ കുറവുമൂലം നിറുത്തലാക്കിയ സർവ്വീസുകളുടെ സ്ഥാനത്ത് പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റ് കൊടുക്കുമോ?

ഉത്തരം

(എ) വാഹനങ്ങളുടെ ദൗർലഭ്യം മൂലം നിറുത്തിവച്ച സർവ്വീസുകൾ വാഹനങ്ങളുടെ ലഭ്യതയനുസരിച്ച് പുനരാരംഭിക്കുന്നത് പരിഗണിക്കുന്നതാണ്. എന്നാൽ വരുമാനക്കുറവുമൂലം നിറുത്തലാക്കിയ സർവ്വീസ്സുകൾ പുനരാരംഭിക്കുവാൻ നിർവ്വാഹമില്ല.

(ബി) കെ. എസ്. ആർ. ടി. സി. സർവ്വീസ് പുനരാരംഭിക്കുമ്പോൾ പിൻവലിക്കാമെന്ന വ്യവസ്ഥയിൽ സ്വകാര്യബസ്സുകൾക്ക് പെർമിറ്റ് നൽകുന്നകാര്യം പരിശോധിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി. ക്ക് സർവ്വീസ് നടത്താൻ ആവശ്യമുള്ള ബസ്സുകൾ

1675 [2507] ശ്രീ. കെ. കെ. ബാലകൃഷ്ണൻ:

,, എ. വി. താമരാക്ഷൻ:

,, വി. ജെ. തങ്കപ്പൻ:

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ:
,, എസ്. ഗോവിന്ദക്കുറുപ്പ്:
,, ടി. കെ. അബ്ദു:
,, ടി. കെ. ആറുമുഖൻ:
,, കെ. ശങ്കരനാരായണപിള്ള:
,, ഹി. സി. കബീർ:
ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി:
ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ:
,, സിറിയക് ജോൺ:
,, എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ പത്തു കൊല്ലത്തിലധികം പഴക്കമുള്ള എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്;

(ബി) മുടക്കം കൂടാതെ സർവ്വീസ് നടത്താൻ വേണ്ടത്ര ബസ്സുകൾ വാങ്ങാൻ ആകെ വേണ്ടിവരുന്ന സംഖ്യ എത്ര;

(സി) ഈ സംഖ്യ ഗവൺമെന്റ് വായ്പയായി നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 1–11–1986–ലെ കണക്കനുസരിച്ച് 653 ബസ്സുകൾ.

(ബി) 20 കോടിരൂപ.

(സി) ഇല്ല.

മരണമടഞ്ഞ പാലയ്ക്കൽ നാടാരുടെ അനന്തരാവകാശികൾക്ക് ജോലി നൽകാൻ നടപടി

1676 [2509] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് തൊഴിലാളിയായിരിക്കെ മരണമടഞ്ഞ പാലയ്ക്കൽ നാടാരുടെ അനന്തരാവകാശി പി. ടി. സുരേഷ്കുമാറിന് സർവ്വീസിലിരിക്കെ മരിച്ചവരുടെ ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതി പ്രകാരം ജോലി നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ശ്രീ. പി. ടി. സുരേഷ്കുമാറിന് എത്രയും വേഗം ജോലി നൽകുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 7–ാം പദ്ധതി അവസാനിക്കുമ്പോഴേയ്ക്കും ബസ് സ്റ്റാഫ് റേഷ്യോ കുറയ്ക്കണമെന്ന ഗവൺമെന്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. സുരേഷ്കുമാറിന് നിയമനം നൽകാൻ കഴിഞ്ഞില്ല. എന്നാൽ സർവ്വീസിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ

LIBRARY ARCHIVES Kerala Legislative Assembly